# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 16/ 08/ 2021


## വീട്ടിൽ കയറി ഗൃഹനാഥന്റെ കാൽ തല്ലി ഓടിച്ചയാൾ പോലീസ് പിടിയിലായി

കൊല്ലം : വീട്ടിൽ കയറി ഗൃഹനാഥന്റെ കാൽ തല്ലി ഒടിച്ചയാൾ അറസ്റ്റിലായി. വസ്തു തർക്കം നിലവിലിരുന്ന ഭൂമിയിൽ നിന്നും അടർന്ന് വീണ തേങ്ങ എടുത്ത വിരോധത്തിൽ തൃക്കോവിൽവട്ടം മുഖത്തല ശ്രീതീർത്ഥം വീട്ടിൽ കയറി ഗൃഹനാഥനായ സജിയുടെ കാലാണ് ഇരുമ്പ് കമ്പിക്കുള്ള അടിയേറ്റ് ഒടിഞ്ഞത്. ഗൃഹനാഥനെ കഴിഞ്ഞ 09.03.21 ൽ മൺവെട്ടി കൈയ്ക്കും കമ്പിവടിക്കും ആക്രമിച്ച മുഖത്തല സ്വദേശിയായ ചിറയിൽ വീട്ടിൽ അയ്യപ്പൻ മകൻ ബാബുരാജൻ (38) ആണ് അറസ്റ്റിലായത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ ബാബുരാജൻ മുഖത്തല ചേരിക്കോണത്ത് എത്തിയതായി ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ്സിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇയാൾ പോലീസ് പിടിയിലായത്. ഇയാളെ റിമാന്റ് ചെയ്തു.


ബാബുരാജൻ

കൊട്ടിയം ഇൻസ്പെക്ടർ ജിംസ്റ്റൺ, എസ്സ്.ഐമാരായ സുജീത്ത് ജി നായർ, എ.എസ്സ്.ഐ ബിജു. കെ, സി.പി.ഓമാരായ സാം ജി ജോൺ, അസീം, അരുൺ ആർ പിള്ള, മുഹമ്മദ് അലി എന്നിവർ ചേർന്ന് നടത്തിയ പരിശോധനയിലാണ് ഇയാൾ പോലീസിന്റെ പിടിയിലായത്.

## ലോറി ഡ്രൈവറെ ആക്രമിച്ച രണ്ട് യുവാക്കൾ കൂടി അറസ്റ്റിൽ

കൊല്ലം : ലോറി ഡ്രൈവറെ ആക്രമിച്ച് കൽ തല്ലിയൊടിച്ച സംഘത്തിലെ രണ്ട് യുവാക്കൾ കൂടി പോലീസ് പിടിയിലായി. കഴിഞ്ഞ 29ന് പുലർച്ചെ ഒരു മണിക്ക് ഇത്തിക്കര പാലത്തിന് സമീപം ലോറി ഒതുക്കി വിശ്രമിക്കുകയായിരുന്ന കുളത്തൂപ്പുഴ സ്വദേശിയായ ഷിബിൻ എന്ന ലോറി ഡ്രൈവറെ ആക്രമിച്ച സംഘത്തിലുള്ളവരാണ് പിടിക്കപ്പെട്ടത്. പൂർവ്വവൈരാഗ്യമാണ് ആക്രമണത്തിൽ കലാശിച്ചത്. കണ്ണൂരിൽ നിന്നും ലോഡുമായി വന്ന ഷിബിനെ ഇവർ പിൻതുടരുകയായിരുന്നു.


Shamnad (25) Muhammad Sidhiq (22)

സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളിൽ രണ്ട് പേർ കഴിഞ്ഞ പത്താം തീയതി അറസ്റ്റിൽ ആയിരുന്നു. തുടർന്ന് ഒളിവിൽ താമസിക്കുന്നവരെ സംബന്ധിച്ച് ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ്സിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടന്ന തെരച്ചിലിലാണ് യുവാക്കൾ പിടിയിലായത്. കുളത്തൂപ്പുഴ വില്ലുമല കുന്നുംപുറത്ത് വീട്ടിൽ അബ്ദുൽ റഷീദ് മകൻ ഷംനാദ് (25), ചോഴിയക്കോട് ഫറൂക്ക് മൻസിലിൽ നൗഷാദ് മകൻ മുഹമ്മദ് സിദ്ധിക്ക് (22) എന്നിവരാണ് പോലീസ് പിടിയിലായത്. ഇവരെ റിമാന്റ് ചെയ്തു. അസിസ്റ്റന്റ് കമ്മീഷണർ എം.എസ്സ് സന്തോഷിന്റെ നേതൃത്വത്തിൽ ചാത്തന്നൂർ ഇൻസ്പെക്ടർ ജസ്റ്റിൻ ജോൺ, എസ്സ്.ഐമാരായ ജ്യോതി സുധാകരൻ, രാജേഷ്, ദിലീപ്, രഞ്ജിത്, സി.പി.ഓ രഞ്ജിത് എന്നിവർ ചേർന്ന് നടത്തിയ പരിശോധനയിലാണ് ഇവർ പോലീസിന്റെ പിടിയിലായത്.

Dated : 16/ 08/ 2021

## പ്രവാസി അസോസിയേഷൻ ഓഫീസ് അടിച്ച് തകർത്ത് ആക്രമം നടത്തിയ ആൾ അറസ്റ്റിൽ

കൊല്ലം : രാമൻകുളങ്ങര സ്വകാര്യ സ്ഥാപനത്തിൽ പ്രവർത്തികുന്ന പ്രവാസി അസോസിയേഷൻ ഓഫീസ് അടിച്ച് തകർത്ത് പ്രസിഡന്റിനെ ആക്രമിച്ചയാളെ പോലീസ് അറസ്റ്റ് ചെയ്തു. കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ കോയിവിള ചേരിയിൽ ചൈതന്യയിൽ രാജു മകൻ അനന്തു ആണ് പോലീസ് പിടിയിലായത്. വയോധികനായ അസോസിയേഷൻ പ്രസിഡന്റ് ഹരിഹരൻ ഓഫീസിലുള്ള സമയം മുൻ വിരോധമുണ്ടായിരുന്ന അനന്തു അസഭ്യം വിളിച്ച് കൊണ്ട് ആഫീസിൽ കയറി ആഫീസ് ഉപകരണങ്ങളും ഗ്ലാസ് ജനലുകളും മറ്റും തല്ലിതകർക്കുകയായിരുന്നു. തടസം പിടിക്കാൻ ശ്രമിച്ച പ്രസിഡന്റിനേയും ഇയാൾ ആക്രമിക്കുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിച്ച് മാറി നടന്ന ഇയാളെ പോലീസ് പിടികൂടുകയായിരുന്നു. ശക്തികുളങ്ങര ഇൻസ്പെക്ടർ ബിജു. യു, എസ്.ഐ മാരായ അനീഷ് വി, പ്രകാശ്കുമാർ ആർ, എ.എസ്സ്.ഐ പ്രദീപ്.കെ, സി.പി.ഓ രാജേഷ് ആർ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.



അനന്തു (28)

## അഞ്ചാലുംമൂട്ടിലെ വ്യാപാരികളുമായി കോവിഡ് പ്രതിരോധത്തിന് കൈകോർത്ത് സിറ്റി പോലീസ്

കൊല്ലം : അഞ്ചാലുമ്മൂട് പോലീസ് കോവിഡ് ബോധവൽക്കരണത്തിന് വ്യത്യസ്ഥ നടപടികളിലൂടെ ശ്രദ്ധേയരായത്. വ്യാപരികൾക്കും സ്ഥാപനങ്ങൾ നടത്തുന്നവർക്കും പ്രത്യേകം തയ്യാറാക്കിയ കോവിഡ് ബോധവൽക്കരണ പാംലെറ്റുകൾ പോലീസ് വിതരണം ചെയ്തു. തിരക്ക് ഉണ്ടാവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ വ്യാപാരി വ്യവസായി സംഘടനകളുടെയും റോട്ടറി ക്ലബ്ബിന്റെയും സഹകരണത്തോടെ തിരക്ക് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.മാർക്കറ്റുകളിലെ വിൽപ്പനക്കാരുമായി സഹകരിച്ച് സാമൂഹ്യ അകലം ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും നിരീക്ഷണത്തിനായി ജനമൈത്രി ബീറ്റ് പോലീസ് സംഘത്തെ നിയോഗിക്കുകയും ചെയ്തു. ഓണക്കാലത്ത് പാർക്കിംഗിനായി ഏഴു സ്ഥലങ്ങൾ പോലീസ് പുതുതുയായി സജ്ജമാക്കി. കോർപ്പറേഷൻ മൈതാനം, അഞ്ചാലുമ്മൂട് സ്ക്കൂൾ ഗ്രൗണ്ട്, ദേവകി ആഡിറ്റോറിയം, അഞ്ജു ആഡിറ്റോറിയം, ഐമാൾ ഗ്രൗണ്ട്, പ്രവാസി ഗ്രൗണ്ട്, ബാഡ്മിന്റൺ കോർട്ട് എന്നിവയാണ് പുതിയ പാർക്കിംഗ് സ്ഥലങ്ങൾ. പാർക്കിംഗ് ഇവിടങ്ങളിൽ ക്രമമീകരിച്ചതിനാൽ റോഡിൽ തിരക്ക് അധികരിക്കാതെ നിയന്ത്രിക്കാൻ കഴിയും. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐ.പി.എസ്സിന്റെ ജനപങ്കാളിത്തത്തോടെ കോവിഡ് ബോധവൽക്കരണം പരിപാടിയുടെ ഭാഗമായിട്ടാണ് പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയത്. പ്രത്യേക ബോധവൽക്കരണ പരിപാടികൾക്ക് ഇൻസ്പെക്ടർ സി. ദേവരാജൻ, എസ്സ്.ഐമാരായ ശ്യാം ബി, ഷബ്ന. എം, ഹരികുമാർ.എൻ. ജെ, രാധാകൃഷ്ണപിള്ള, ജയപ്രകാശൻ.ബി, സത്യരാജൻ, സി.പി.ഓ സുനിൽ ലാസർ, സാബു. എസ്സ്, മണികണ്ഠൻ, റോസി സേവ്യർ, അജിമോൾ, രാജി എന്നിവർ നേതൃത്വം നൽകി.